# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **T.2344** 18.03.2015-ൽ മറുപടിയ്ക്ക്

**എറവാളൻ സമുദായക്കാർക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ്**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലുള്ള പുത്തൻപാടം, പറത്തോട്, മാത്തൂർ എന്നീ കോളനികളിലെ നൂറോളം വരുന്ന എറവാളൻ സമുദായത്തിലുള്ള പട്ടികവർഗ്ഗ വിഭാഗക്കാരുടെ ബന്ധുക്കൾക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. എന്നാൽ കൊല്ലങ്കോട് പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ പട്ടികജാതി ചെറുമൻ സമുദായത്തിലുള്ള ചിലർ പട്ടികവർഗ്ഗ എറവാളൻ സമുദായ അവകാശവാദമുന്നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തിര പഠനം നടത്തി എറവാളൻ സമുദായത്തിലുള്ള മുഴുവൻ പേർക്കും പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | (ബി) | 'എറവാളൻ' പട്ടികവർഗ്ഗ സമുദായ സാക്ഷ്യപത്രത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ, കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ ആക്ട് (ആക്ട് 11/1996) പ്രകാരം സമുദായ നിർണ്ണയ പഠനം നടത്തി, അർഹർക്ക് പട്ടികവർഗ്ഗ സാക്ഷ്യപത്രം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ